**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 553** — **12.06.2012–ൽ മറുപടിയ്ക്ക്**

## മഞ്ചേരിയിലെ ജില്ലാ സ്പോർട്സ് കോംപ്ലക്സ് & ഫുട്ബാൾ അക്കാഡമി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. എം. ഉമ്മർ** | | **ശ്രീ. കെ.ബി. ഗണേഷ്കുമാർ (വനവും, സ്പോർട്സും, സിനിമയും വകുപ്പു മന്ത്രി)** | |
| (എ) | മഞ്ചേരിയിൽ നിർമ്മാണ പ്രവർത്തനം നടക്കുന്ന ജില്ലാ സ്പോർട്സ് കോംപ്ലക്സ് ആന്റ് ഫുട്ബാൾ അക്കാഡമി എന്നു മുതൽ പ്രവർത്തനം ആരംഭിച്ച് കുട്ടികൾക്ക് പരിശീലനം നൽകാനാകുമെന്ന് വ്യക്തമാക്കുമോ ; | (എ) | നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക്. |
| (ബി) | ഇവിടെ എന്തെല്ലാം സൗകര്യങ്ങളാണ് പരിശീലനത്തിനായി ഒരുക്കുന്നത് ; | (ബി) | ഇതിനായി 400 മീറ്റർ ട്രാക്ക് ആയതിനോടനുബന്ധിച്ചുള്ള അത്‌ലറ്റിക്സിന് ആവശ്യമായ മറ്റു സൗകര്യങ്ങൾ, മൾട്ടി പർപ്പസ് ഹാൾ, ക്രിക്കറ്റ് & മൾട്ടി പർപ്പസ് ഗ്രൗണ്ട്, സ്വിമ്മിംഗ് പൂൾ, ഫുട്ബോൾ അക്കാഡമിക്ക് ആവശ്യമായ പ്രാക്റ്റീസ് ഗ്രൗണ്ട് എന്നിവയാണ് ഉദ്ദേശിക്കുന്നത്. |
| (സി) | എത്ര കായിക താരങ്ങൾക്ക് ഇവിടെ താമസസൗകര്യം ഒരുക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു ; | (സി) | ഫുട്ബോൾ അക്കാഡമിയുടെ ഹോസ്റ്റലിൽ 60 കുട്ടികൾക്കും പരിശീലകർക്കും താമസിക്കുന്നതിനുള്ള സൗകര്യം ഇപ്പോൾ തയ്യാറായിട്ടുണ്ട്. |
| ഡി) | ഏതെല്ലാം കായിക ഇനങ്ങൾക്കാണ് ഇവിടെ പരിശീലനസൗകര്യം ഒരുക്കാനാവുകയെന്ന് അറിയിക്കാമോ ? | (ഡി) | ഫുട്ബോൾ, അത്‌ലറ്റിക്സ്, വോളിബോൾ, ഹാന്റ്ബോൾ, ക്രിക്കറ്റ്, നീന്തൽ, ഖോ-ഖോ, കബഡി, ടെന്നീസ്, ബാഡ്മിന്റൻ, ജൂഡോ, റസ്‌ലിങ്, തെയ്ക്കണ്ടോ, വുഷു, ടേബിൾ ടെന്നീസ്, ഹോക്കി, സൈക്കിൾ പോളോ, ആർച്ചറി, ഫെൻസിങ്, ബോക്സിങ് ഇൻഡോർ എയർ റൈഫിൾ റെയ്ഞ്ച്, ജിംനേഷ്യത്തിൽ വെയ്റ്റ് ലിഫ്റ്റിംഗ്, പവർ ലിഫ്റ്റിംഗ് എന്നീ കായിക ഇനങ്ങൾക്കായി പരിശീലന സൗകര്യം ഏർപ്പെടുത്താൻ കഴിയും. |

സെക്ഷൻ ഓഫീസർ